**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6237 — 31.10.2011 - ലെ മറുപടിക്ക്

## ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ ദൗർലഭ്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ദൈനംദിന പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും കേരളത്തിലെ പല ഗ്രാമ പഞ്ചായത്തുകളും ബുദ്ധി മുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കാര്യം ഫലത്തിൽ സാധാരണ ജനവിഭാഗങ്ങളെയാണ് ബാധിക്കുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ, ഇത്തരം ഗ്രാമ പഞ്ചായത്തുകളെ സഹായിക്കു ന്നതിനും അതുവഴി ദൈനംദിന പ്രവർത്തനങ്ങൾ ഗുണകരവും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; | (സി) | സാമ്പത്തിക പരാധീനതമൂലം ദൈനംദിന ഭരണം താറുമാറാകുന്നത് ഒഴിവാക്കാനായി അത്തരം പഞ്ചായത്തുകൾക്ക് ഒരു വിടവ് നികത്തൽ ഫണ്ട് നൽകണമെന്നും ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്കുള്ള പൊതു ആവശ്യഫണ്ടിൽ നിന്നും 25 കോടി രൂപ നീക്കി വയ്ക്കണമെന്നും നാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുകയും പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷത്തെ വരവ് ചെലവ് വിടവ് സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റർ തയ്യാറാക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ വിടവ് നികത്തൽ ഫണ്ട് അനുവദിക്കുന്നതും അതിന്റെ വിതരണം വിടവിന് ആനുപാതികമായിരിക്കുകയും ചെയ്യും. |
| (ഡി) | കേരളത്തിൽ എത്ര പഞ്ചായത്തുകൾ പ്രസ്തുത വിഭാഗത്തിൽ വരുന്നുണ്ടെന്നും, വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ഡി) | മുൻ വർഷത്തെ വരവ് ചെലവ് വിടവ് സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റർ തയ്യാറാക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ വിഭാഗത്തിൽ എത്ര പഞ്ചായത്തുകളുണ്ടെന്ന് കണക്കാക്കപ്പെടുക. വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന കുഴിപ്പിള്ളി ഗ്രാമ പഞ്ചായത്ത് ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന പഞ്ചായത്താണ്. |

സെക്ഷൻ ഓഫീസർ